LIBRARY ARCHIVES Kerala Legislative Assembly

മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി

359 (5084) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

&

(ബി) ജനസംഖ്യകൊണ്ടും ഭൂവിസ്തൃതികൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

360 (5085) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ അനുവദിച്ചു; എത്ര അപേക്ഷ ബാക്കിയുണ്ട്; ലിസ്റ്റ് സഹിതം പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ലൈഫ് പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി 1268 വീടുകൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. അർഹരായ 2019 ഗുണഭോക്താക്കൾ ബാക്കിയുണ്ട്. ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെയും ഇനി ലഭ്യമാക്കാനുള്ളവരുടെയും തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പൊതു ഇടങ്ങൾ

361 (5086) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന എത്ര ടി.വി. കിയോസ്കുകളുണ്ടെന്ന് പഞ്ചായത്തുതിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ടി.വി. കിയോസ്കുകൾ ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പൊതു കുളങ്ങൾ, പൊതുകിണറുകൾ എന്നിവയുടെ എണ്ണമെത്രയെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി ആകെ 62 പൊതുകുളങ്ങളും 82 പൊതു കിണറുകളുമുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

പാഴൂർ തങ്കയത്തിൽ ക്ഷേത്രം റോഡ് പ്രവൃത്തി

362 (5087) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ തഴവ പഞ്ചായത്തിലെ കൊയ്പള്ളിമുക്ക് പാഴൂർ തങ്കയത്തിൽ ക്ഷേത്രം റോഡിന് ഇരുപത്തിഎട്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ആയതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി കരാർ ഒപ്പിടുകയും ചെയ്തിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെയ്തിരുന്നു. സാങ്കേതികാനുമതി 10-2-2021 നമ്പർ 95372/2020-21, 6-7-2021-ലെ കരാർ നമ്പർ 04/AE/LSGD/TGP/2020-21 കരാറുകാരൻ: ശ്രീ. പ്രഹ്ളാദൻ, ചിറക്കട വീട്, പട നോർത്ത്, കരുനാഗപ്പള്ളി.

(ബി) എന്നാൽ പ്രസ്തുത റോഡിന് സാങ്കേതികാനുമതി നൽകി നടപടികൾ പൂർത്തിയാക്കിയ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യാത്തതിനാൽ നാളിതുവരെ സാങ്കേതിക അനുമതി ലഭിക്കാത്ത പ്രവൃത്തികൾ റദ്ദ് ചെയ്ത ഉത്തരവിൽ ഈ റോഡുൾപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി തെറ്റായി റദ്ദ് ചെയ്ത നടപടി തിരുത്തി പ്രവൃത്തി തുടങ്ങാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly